"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ- KIBS -ജീവനക്കാര്യം - കിബ്സിന്റെ അക്കൗണ്ട് സ്പാർക്കിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

സ.ഉ.(സാധാ) നം.933/2023/LSGD തീയതി,തിരുവനന്തപുരം, 27-04-2023

പരാമർശം:- കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.02.2023-തീയതിയിലെ 7734/എഫ്/2021 നം.കത്ത്

**ഉത്തരവ്**

കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെട്ട അയൽക്കൂട്ട വനിതകൾക്കും കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്ന നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കൽ പദ്ധതികളുടെ (ദേശീയ നഗര ഉപജീവന മിഷൻ, ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന) ഗുണഭോക്താക്കളായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് മിഷൻ രൂപീകരിച്ച ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് ആയ കിബ്സ് (കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ്സ് സൊല്യൂഷൻസ്)-നെ സ്പാർക്കിൽ ഉൾപ്പെടുത്തണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്തിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. SPARK ഉപയോഗിച്ച് വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം വിതരണം ചെയ്യുന്നതിനായി വെണ്ടർ വേജസ് കോസ്റ്റ് മെനുവിന് കീഴിൽ ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി KIBS-നെ SPARK-സംവിധാനത്തിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു :

i)KIBS വഴി ജീവനക്കാരെ SPARK-ൽ ഉൾപ്പെടുത്തുന്നതിന് അവരിൽ നിന്ന് KIBS കമ്മീഷൻ ഈടാക്കുന്നില്ല;

ii) ഏതൊരു സാഹചര്യത്തിലും നിയമനം സ്ഥിരപ്പെടുത്തുന്നതിനായി ക്ലെയിം ഉന്നയിക്കില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.